പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :5579

25.10.2011-ൽ മറുപടിയ്ക്ക്

ഉത്തരവാദിത്ത ടൂറിസം

| ചോദ്യം<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
|---|---|---|
| എ) വയനാട് ജില്ലയിൽ നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി ) | സഞ്ചാരികൾക്ക് കാണാനും ആസ്വദിക്കാനും തദ്ദേശ വാസികൾക്ക് മെച്ചപ്പെട്ട നിലവിൽ ജീവിക്കാനും സൗകര്യം ഒരുക്കുന്ന വിധം ടൂറിസം കേന്ദ്രങ്ങളെ വാർത്തെടുക്കുക എന്നതാണ് ഉത്തവാദിത്ത ടൂറിസത്തിന്റെ പ്രധാന ലക്ഷ്യം. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മേഖലകളിൽ ഊന്നൽ നൽകി സംസ്ഥാന സർക്കാർ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി തദ്ദേശവാസികൾക്ക് കൂടുതൽ ഗുണകരമാകുന്നതിനും, ടൂറിസം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുവാനും അവ തരണം ചെയ്യുന്നതിന് ടൂറിസം പങ്കാളികളെ പ്രാപ്തരാക്കുവാനും കൂടി ലക്ഷ്യമിടുന്നു. |
| സി ) പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതിനുശേഷം ജില്ലയിലെ ടൂറിസം മേഖലയ്ക്കുണ്ടായ പുരോഗതി വിശദമാക്കുമോ? | സി) | പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മിഷൻ രൂപീകരിച്ച സമൃദ്ധി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ കടകൾ തുറക്കുകയും തദ്ദേശവിഭവങ്ങൾ വിതരണം ചെയ്യുന്നതിനായി 15 ഓളം ഹോട്ടലുകളുമായി ഉടമ്പടിയിലേർപ്പെടുകയും ചെയ്തു. കണക്കുകൾ പ്രകാരം 2009 ൽ 126871/- രൂപയുടെയും 2010ൽ 4128136/- രൂപയുടേയും വില്പന സമൃദ്ധി കടകൾ വഴി ഹോട്ടലുകളിൽ നടത്തുവാൻ സാധിച്ചു. പദ്ധതിയുടെ ഭാഗമായി വയനാട് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സുവനീറുകൾ തയ്യാറാക്കുകയും സാംസ്കാരിക ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ, ക്ഷേത്രകല ആചാരങ്ങൾ എന്നിവയുടെ കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഇടയ്ക്കൽ ഗുഹയിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ് നടപ്പാക്കുന്നതിനായി തദ്ദേശവാസികൾക്കും ഗൈഡുകൾക്കും ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ട്രെയിനിംഗ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ